കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് –2015- 16

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി3/1955/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ,

ഇ- മെയിൽ lfaddistofficeknr@gmail.com

വെബ് www.lfa.kerala.gov.in

ഫോൺ 04972707698

തീയതി: 01.12.2016.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖേന),

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം:-കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

PVP

നം കെ.എസ്.എ/കെ.എൻ.ആർ.സി3/1955/2016 തീയതി : 01.12.2016.

കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994- ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളും വാർഷിക ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 08.02.16 മുതൽ 24.10.16 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനില്ക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. 24 ഓഡിറ്റ് എൻക്വയറികൾ നല്കിയിട്ടുണ്ട്. മുഴുവൻ എൻക്വയറികൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിശദീകരണം/വിവരങ്ങൾ, കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട്/ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് :ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 25.10.2016 മുതൽ 04.11.2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

പേര്	തസ്തിക
സിന്ധു ടി. പി.	ഓഡിറ്റ് ഓഫീസർ
ഷീല കെ.	സീനിയർ ഗ്രേഡ് ഓഡിറ്റർ
സബിത കെ.	ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി ചന്ദ്രിക സി.	01.04.15 മുതൽ 31.10.15 വരെ
	അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി ശ്രീ. പി. വി. മോഹനൻ, സെക്രട്ടറി ശ്രീമതി.രസാന കെ.പി., കൃഷി ഓഫീസർ ശ്രീമതി.ബിജി ഇ.കെ., ഐസിഡിഎസ് സൂപ്പർവൈസർ	01.11.15 മുതൽ 10.11.15 വരെ
	ശ്രീ. എം. കുഞ്ഞിരാമൻ	11.11.15 മുതൽ 31.03.16 വരെ
സെക്രട്ടറി	ശ്രീ. പി.വി. മോഹനൻ	01.04.15 മുതൽ 31.03.16 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
അസി.എഞ്ചിനീയർ	ശ്രീമതി.സുനിത കെ.വി.	01.04.15 മുതൽ 31.03.16 വരെ
കൃഷി ഓഫീസർ	ശ്രീമതി. രസാന കെ.പി.	01.04.15 മുതൽ 31.03.2016 വരെ
വി ഇ ഒ	ശ്രീ. ഷാജി വി.പി.	01.04.15 മുതൽ 31.03.16 വരെ
ഹെഡ് മാസ്റ്റർ	ശ്രീമതി. ശ്രീകുമാരി കെ.ജി.	01.04.15 മുതൽ 31.03.16 വരെ
മെഡിക്കൽ ഓഫീസർ പി.എച്ച്.സി.	ഡോ.കവിത	01.04.15 മുതൽ 31.03.16 വരെ
വെറ്റിനറി സർജൻ	ഡോ.ഇ.അനിൽ കുമാർ	01.04.15 മുതൽ 31.03.16 വരെ
ഐ സി ഡി എസ് സൂപ്പർവൈസർ	ശ്രീമതി.ബിജി ഇ.കെ.	01.04.15 മുതൽ 31.03.16 വരെ

അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.ശശി പി.	01.04.15 മുതൽ 31.03.16 വരെ

ഉള്ളടക്കം

ഖണ്ഡിക നമ്പർ	വിഷയം	പേജ് നമ്പർ
ഭാഗം 1 പൊതു അവലോകനം		
1-1	ബജറ്റ്	
1-2	ധനകാര്യ വിശകലനം	
1-3	ഫണ്ട് വിനിയോഗം	
1-4	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	
1-5	തനത് വരുമാനം	
1-6	പദ്ധതി അവലോകനം	
1-7	ക്ഷേമപദ്ധതികൾ	
1-8	ക്യാഷ് വെരിഫിക്കേഷൻ	
1-9	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ	
1-10	അനുബന്ധപത്രികകൾ	
1-11	ഗ്രാമസഭ	
ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ		
2-1	റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് - 643/- രൂപ ഈടാക്കേണ്ടതാണ്	

2-2	മണൽ വില്പന - പാസ് നല്കുന്നത് സുതാര്യമല്ല	
2-3	ഇ-ടെണ്ടർ - ടെണ്ടർ ഫോറം വില തിരികെ ലഭിച്ചില്ല	
2-4	പരസ്യ നികുതി ഈടാക്കുന്നില്ല	
2-5	ഗതാഗതവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല	
ഭാഗം 3 – ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ		
3-1	പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വിഹിതം അടവാക്കുന്നതിൽ കുറവ് വരുന്നത് സംബന്ധിച്ച്.	
3-2	ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 2,16,168/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു	
3-3	ഡ്രൈവിംഗ് ലൈസൻസില്ലാത്ത ഗുണഭോക്താവിന് മുച്ചക്ര വാഹനം നല്കിയത് - 69500/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു	
3-4	ഒരു വർഷമായിട്ടും മരുന്നുകൾ ലഭ്യമാക്കിയില്ല- അഡ്വാൻസായി നല്കിയ 100000/- രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു	
3-5	അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തികൾ - പൊതു അപാകങ്ങൾ	
3-6	ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്	
3-7	ഇഎംഎസ് ഭവന നിർമ്മാണ പദ്ധതി - ചെലവു വിവരം രേഖപ്പെടുത്താത്തത്	

3-8	അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ - വിവിധ അപാകങ്ങൾ	
ഭാഗം 4 – ഓഡിറ്റ് പ്രത്യവലോകനവും പൊതുവിവരങ്ങളും		
4-1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	
4-2	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ ഫണ്ട് വിനിയോഗം	
4-3	മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം	
4-4	വായ്പ/വായ്പ തിരിച്ചടവ്	
4-5	സ്ഥിരനിക്ഷേപങ്ങൾ	
4-6	ഓഡിറ്റ് റിക്കവറി	
4-7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദവിവരം	
4-8	ഓഡിറ്റ് പ്രത്യവലോകനം	
4-9	ഓഡിറ്റ് ഇംപാക്ട്	
4-10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ	
അനുബന്ധം1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	
അനുബന്ധം 2	ബാലൻസ് ഷീറ്റ്	
അനുബന്ധം 3	ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്	
അനുബന്ധം 4	റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്	

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2015-16-ലെ ബജറ്റ് പാസാക്കിയ തീരുമാനം നമ്പർ, തീയതി	ബജറ്റ് പുതുക്കിയ തീരുമാനം നമ്പർ, തീയതി
27.03.2015-ലെ ഭരണസമിതി തീരുമാനം നമ്പർ 48/15	01.03.2016-ലെ ഭരണസമിതി തീരുമാനം നമ്പർ 33/16

പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	വ്യത്യാസം
മുന്നിരിപ്പ്	3538630	21263898	യഥാർത്ഥ വരവു ചെലവുകൾ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമാണ് എടുത്തിട്ടുള്ളത്. ബജറ്റിൽ ക്ഷേമപെൻഷൻ തുകയും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ വരവു ചെലവുകളും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ താരതമ്യം സാധ്യമായിട്ടില്ല
വരവ്	76492700	32813840	
ആകെ	80031330	54077738	
ചെലവ്	78595200	40195955	
നീക്കിയിരിപ്പ്	1436130	13881783	

1-2 ധനകാര്യ വിശകലനം

2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക 15.07.16-ന് ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

മുൻബാക്കി	21263898
വരവ്	32813840
ആകെ	54077738

ചെലവ്	40195955
നീക്കിബാക്കി	13881783

നേരിട്ട് ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് മാറ്റപ്പെട്ട ക്ഷേമ പെൻഷൻ തുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തൊഴിലാളികളുടെ അക്കൌണ്ടുകളിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യപ്പെട്ട തുകയും വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

1-3 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ് തുക	ആകെ തുക	ട്രാൻസ്ഫർ ക്രെഡിറ്റ് (19.09.2015 ലെ സർക്കാർ ഉത്തരവു പ്രകാരം)	ചെലവ് തുക	നീക്കി ബാക്കി (RP 40(b)
വികസന ഫണ്ട് ജനറൽ	2273381	0	2273381	+6295650	8170584+ 398447 (refunded) 8569031	0
വികസനഫണ്ട് എസ് സി പി	1330566	1772001		-1104016	1998551	0
വികസനഫണ്ട് ടി എസ് പി	800		800	-800		0
സംരക്ഷണ ഗ്രാന്റ്-റോഡ്	219200	4305100		-26867 (സംരക്ഷണ ഗ്രാന്റ് - റോഡിതരത്തിനു വേണ്ടി ചെലവഴിച്ചത്)	4497433	0
സംരക്ഷണ ഗ്രാന്റ് - റോഡിതരം	900311	1482573		26867	2409751	0
ധനകാര്യ കമ്മീഷൻ അവാർഡ്	2302318	4573670		-2402739	4473249	0
ലോക ബാങ്ക് ധനസഹായം	2788095	2750199		-2788095	2750199	0
കേന്ദ്രവിഹിതം	303300	4071389	4374689	--	3941701	432988
ജില്ലാ പഞ്ചായത്ത് വിഹിതം	260000	425000	685000	--	317439	367561
ബ്ലോക്ക്	--	1005000	1005000	--	914300	90700

പഞ്ചായത്ത് വിഹിതം						

1-4 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

അന്യത്ര പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആസ്തികളുടെ മൂല്യ നിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ ബി 11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2.ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് അക്കൗണ്ടിംഗ് നിയമപ്രകാരമല്ല തയ്യാറാക്കിയത് (A+B+C മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല).

1-5 തനത് വരുമാനം.

ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് താഴെ പറയും പ്രകാരം 2.75% കുറവ് ഉണ്ടായിട്ടുണ്ട്.

ഇനം	2014-15	2015-16	വ്യത്യാസം	ശതമാനം
നികുതി വരവുകൾ	5613327	5180369	-432958	-7.7
നികുതിയേതര വരവുകൾ	1201160	1361356	160196	13.34
മറ്റു വരവുകൾ	145082	226115	81033	55
ആകെ	6959569	6767840	-191729	-2.75

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	നടപ്പാക്കിയത്	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
136	116	14	20	75

നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	6	6	5487000	4088650	74.5
വെറ്റിനറി സർജൻ	4	4	846000	846000	100
മെഡിക്കൽ ഓഫീസർ - പി എച്ച് സി	3	3	1000000	1000000	100
വി ഇ ഒ	10	4	7032250	1235000	17.5
ഐസിഡിഎസ് സൂപ്പർവൈസർ	4	4	2702500	2617337	97
സെക്രട്ടറി	19	14	2908350	1627918	56
അസിസ്റ്റന്റ് സെക്രട്ടറി	7	7	988792	947442	96
അസിസ്റ്റന്റ് എഞ്ചിനീയർ	76	67	23767249	17278495	73
ഹെഡ് മാസ്റ്റർ	7	7	881055	874163	99
ആകെ	136	116	45614196	30361176	66.5

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ വീഴ്ച്ച സംഭവിച്ചിട്ടുണ്ട് എന്ന് മേൽപ്പട്ടികയിൽ നിന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്തിന് അനുവദിക്കപ്പെട്ട വിഹിതം വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഗൌരവമായി കാണേണ്ടതും വികസനോന്മുഖമായ സമീപനങ്ങളിലൂടെ അനുവദിക്കപ്പെടുന്ന സർക്കാർ ഗ്രാന്റുകൾ ജനോപകാരപ്രദമായ പദ്ധതികളിലൂടെ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-7 ക്ഷേമപദ്ധതികൾ

ഓഡിറ്റ് വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	235,800	129
കർഷകതൊഴിലാളി പെൻഷൻ	4,364,550	521
വിധവാ പെൻഷൻ	6,209,920	660
വാർദ്ധക്യകാല പെൻഷൻ	10,328,130	1522
വികലാംഗ പെൻഷൻ	1,856,400	182
50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	554,120	55

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2016 തീയതി ഉച്ചയ്ക്കു ശേഷം 2.15മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12826/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക്രമ നമ്പർ	ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
1	പെർഫോമൻസ് ഓഡിറ്റ്	04.10.2016	2016 സെപ്റ്റംബർ	പി.എ.യു. 21/16 തീ 16.06.2016
2	അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	ലഭ്യമല്ല	1997-1998 മുതൽ 2002-2003 വരെ	spl.cell(HQ)iv/8A-429/956 തീയതി: 08.07.2003

1-10 അനുബന്ധപത്രികകൾ

1 . ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. ബാലൻസ് ഷീറ്റ്

3. ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

4. റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

1-11 ഗ്രാമസഭ

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽ പതിനാല് വാർഡുകളാണുള്ളത്. ഗ്രാമ സഭയോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ട്. ഗ്രാമ സഭയോഗങ്ങളിൽ നിശ്ചിത ക്വാറം തികയുന്നുണ്ട്. ക്ഷേമപെൻഷൻ അപേക്ഷ, മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ചും ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്.

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവു വന്നത്- 643/- രൂപ ഈടാക്കേണ്ടതാണ്

2015-16 സാമ്പത്തിക വർഷം കടവത്ത് അബ്ദുൾ ഖാദർ എന്നവർ 13-ാം വാർഡിൽ നിലവിലുള്ള വാണിജ്യ കെട്ടിടത്തിന് (XIII/377 A മുതൽ R വരെ) മുകളിലായി അനുമതി വാങ്ങാതെ 5 മുറികൾ നിർമ്മിക്കുകയും ക്രമവത്ക്കരണത്തിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. അപേക്ഷകൻ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ ഒന്നാം നിലയിൽ 158.52m^2 പ്ലിൻത്ത് ഏരിയ ഉള്ളതായി കാണിച്ചിട്ടുണ്ടെങ്കിലും 94.21m^2 മാത്രമാണ് ക്രമവത്ക്കരിച്ച് നല്കിയത്. (റസീറ്റ് നമ്പർ 11502100184 18.04.15 തുക 945/-) ബാക്കി വരുന്ന 64.31m^2ന്റെ ക്രമവത്ക്കരണ ഫീസായ 643/- രൂപ ഈടാക്കി പഞ്ചായത്തു ഫണ്ടിൽ വരവു വെക്കേണ്ടതാണ്.

2-2 മണൽ വില്പന- പാസ് വിതരണം സുതാര്യമല്ല

ഇ-മണൽ വിപണനത്തിൽ പഞ്ചായത്ത് ക്വാട്ടയായി ലഭിക്കുന്ന 10% മണൽ വില്പനയ്ക്കുള്ള പാസ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. മണൽ വില മുൻകൂറായി ശേഖരിക്കുകയും പാസ് സീൽ ചെയ്ത് കണ്ണൂർ താലൂക്ക് ഓഫീസിൽ നിന്ന് ലഭിക്കുന്ന മുറക്ക് കടവ് സൂപ്പർവൈസർക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. പാസ് വിതരണത്തിലെ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

2-3 ഇ ടെണ്ടർ - ടെണ്ടർ ഫോറം വില തിരികെ ലഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ അഞ്ചു ലക്ഷത്തിനു മുകളിലുള്ള നിർമ്മാണ പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ട് വഴിയാണ്. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ടെണ്ടർ ഫോറം വില തിരികെ ലഭിച്ചിട്ടില്ല. 2014-15 വർഷം 15876/- രൂപയും 2015-16 വർഷം 51660/- രൂപയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക ലഭിച്ച ശേഷം അതോടൊപ്പം ശേഖരിച്ച മൂല്യ വർധിത നികുതി ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് ഒടുക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2-4 പരസ്യ നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പിൽ നിർദ്ദേശിച്ച പ്രകാരമുള്ള പരസ്യ നികുതി ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതുവരെയായി ഈടാക്കിയിട്ടില്ല. പ്രസ്തുത വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും സർക്കാർ വക സ്ഥലത്തോ സ്വകാര്യ സ്ഥലത്തോ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നുണ്ടെങ്കിൽ പരസ്യത്തിന്റെ ഉടമ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ പരസ്യനികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി പരസ്യങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നുണ്ടെങ്കിലും പരസ്യ നികുതി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങാൻ താമസിക്കുന്നതിനാൽ നാളിതുവരെയും ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് യാതൊരു വരുമാനവും ലഭ്യമായിട്ടില്ല. പരസ്യ നികുതി ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ നിലവിൽ പരസ്യങ്ങൾ പ്രദർശിപ്പിച്ചവരിൽ നിന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 257(1), 6-ാം പട്ടിക പ്രകാരം 500/-രൂപ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ആവർത്തന സ്വഭാവമുള്ള ഈ നികുതി ചോർച്ച അടിന്തിരമായും തടയേണ്ടതാണ്.

2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും നാളിതുവരെയും ഇതു സംബന്ധിച്ച ബൈലോ ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സിനിമ തിയറ്റർ വഴി പ്രദർശിപ്പിക്കപ്പെടുന്ന പരസ്യങ്ങളും പരസ്യ നികുതി പരിധിയിൽ കൊണ്ടു വരേണ്ടതുണ്ട്. പ്രത്യക്ഷമായും പരോക്ഷമായും ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ വർഷം തോറും വലിയ തോതിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.

2-5 ഗതാഗതവുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലെ (GO(MS)225/12/തസ്വഭവ തീയതി 18.08.2012) അനുബന്ധം 1-ൽ ഗതാഗതവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളിൽ (15(1), (2)) റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കാനും ഓരോ പ്രോജക്ടിനുമൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ ബന്ധപ്പെട്ട റോഡ് പ്രത്യേക നിറത്തിൽ രേഖപ്പെടുത്താനും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ റോഡുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന മൈൽ സ്റ്റോണുകൾ സ്ഥാപിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16/01/10-ലെ GO(MS)165/2010 നമ്പർ ഉത്തരവു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിലുള്ള റോഡുകളെ തിരിച്ചറിയുന്നതിന് പേര് സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതിനും കിലോമീറ്റർ ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയത് പാലിക്കാത്തതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വിഹിതം അടവാക്കുന്നതിൽ കുറവ് വരുന്നത് സംബന്ധിച്ച്.

ജി.ഒ.(പി)104/12/ഫിൻ, തീയതി 09-02-2012 പ്രകാരം 01-04-2012 മുതൽ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന പ്രകാരം ഓരോ ശമ്പള റേഞ്ചിലും നിശ്ചിത നിരക്കിൽ എസ്.എൽ.ഐ. വിഹിതം അടവാക്കേണ്ടതുണ്ട്.

ശമ്പള നിരക്ക്	അടവാക്കേണ്ട പ്രതിമാസ എസ്എൽഐ പ്രീമിയം
9189/- രൂപ വരെ	150/-
9190-18739	225/-
18740-29179	375/-
29180-ൽ കൂടുതൽ	450/-

എന്നാൽ താഴെ പറയുന്ന ജീവനക്കാർ കുറഞ്ഞ നിരക്കിലാണ് വിഹിതം അടവാക്കിയിട്ടുള്ളത് .

പേര്, തസ്തിക	ശമ്പളം	അടവാക്കിയത്	അടവാക്കേണ്ടത്
ലളിത കെ.സി., ക്ലാർക്ക്	13540/-(13210-22360)	200/-	225/-
ശ്രീ.ടി.പി.രാജീവൻ, ഓഫീസ് അറ്റന്റന്റ്	11020/-(8500-13210)	ഓഡിറ്റ് വർഷം റിക്കവറി ഇല്ല	150/-

കെ എസ് ആർ പാർട്ട് I, ചട്ടം 22A, Note under Rule 31 പ്രകാരം 50 വയസ്സിൽ കുറഞ്ഞ ഒരാൾ ഗവൺമെന്റ് സർവ്വീസിൽ പ്രവേശിച്ചുകഴിഞ്ഞാൽ, ഗവൺമെന്റ് അതാത് സമയം നിശ്ചയിക്കുന്ന നിരക്കിൽ എസ്.എൽ.ഐ. വിഹിതം അടവാക്കേണ്ടതുണ്ട്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

3-2 ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 2,16,168/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

2015-16 വർഷം കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളുമായി ബന്ധപ്പെട്ട ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ക്രമനം	പ്രൊജക്ട് നം.	പ്രൊജക്ട് പേര്	അടങ്കൽ	ബിൽ നം. & തീയതി, തുക	ഡി.ഡി. നം. & തീയതി	കൈപ്പറ്റിയ ഉദ്യോഗ സ്ഥൻ
1	4/16	മീഡിയാശ്രീ പദ്ധതി വിഹിതം നൽകൽ	65000/- (വികസന ഫണ്ട്)	1/15-16 23-6-15 65000/-	148314/23-6-15 SBT PNR	എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
2	118/16	മുള്ളിക്കോട്-പുത്തൂർറോഡ് സോളിംഗ് വിഹിതം നൽകൽ	25000/- (തനത് ഫണ്ട്) 500000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)	25000/- (തനത് ഫണ്ട്)	SBGJ 4457065 22-2-16	സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്, പയ്യന്നൂർ
3	143/16	ജില്ലാപഞ്ചായത്തിന്റെ ആശ്രുഢം പദ്ധതിക്ക് വിഹിതം നൽകൽ	1,00,000/- (വികസന ഫണ്ട്)	19/15-16 28-1-16 100000/-	922353 30-1-2016	സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കണ്ണൂർ
4	147/16	ഐകെഎം ന് വിഹിതം നൽകൽ	26,168/- (വികസന ഫണ്ട്)	33/15-16 31-3-16 26,168/-	923636 4-4-2016	എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർ മേഷൻ മിഷൻ, തിരുവനന്തപുരം
		ആകെ	7,16,168/-	2,16,168/-		

2,16,168/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

3-3 ഡ്രൈവിംഗ് ലൈസൻസില്ലാത്ത ഗുണഭോക്താവിന് മുച്ചക്ര വാഹനം നല്കിയത്- 69500രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ - 95/16

പ്രോജക്ടിന്റെ പേര് -ഭിന്നശേഷി ഉള്ളവർക്ക് ഉപകരണങ്ങൾ നൽകൽ

അടങ്കൽ -151200/-

ചെലവ് -87200/-

ബിൽ നമ്പർ -09/15-16, തുക – 87200/- തീയതി 28.03.2016

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ ഭിന്നശേഷി ഉള്ളവർക്ക് വീൽചെയർ, മുച്ചക്ര വാഹനം എന്നിവ കെൽട്രോൺ എന്ന സ്ഥാപനത്തിൽ നിന്നും (87200/- ഡി.ഡി നമ്പർ 923487/31.03.16) വാങ്ങിയിട്ടുണ്ട്. ഇതിൽ മുച്ചക്ര വാഹനം കൈപ്പറ്റിയ വിശ്വനാഥൻ ടി.ടി. എന്ന ഗുണഭോക്താവിന് ഡ്രൈവിംഗ് ലൈസൻസ് ഇല്ല. ഡ്രൈവിംഗ് ലൈസൻസ് ഇല്ലാത്ത ഗുണഭോക്താവിന് വണ്ടി നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നല്കുമ്പോൾ ലൈസൻസ് വേണമെന്ന നിബന്ധന മാർഗ്ഗരേഖയിൽ ഇല്ലാത്തതിനാലാണ് നല്കിയതെന്നും എത്രയും പെട്ടെന്ന് ലൈസൻസ് എടുക്കാൻ നിർദ്ദേശം നല്കുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നല്കുകയുണ്ടായി. ഈയിനത്തിൽ ചെലവഴിച്ച 69500/- രൂപ തടസപ്പെടുത്തുന്നു. ലൈസൻസ് ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

3-4 ഒരു വർഷമായിട്ടും മരുന്നുകൾ ലഭ്യമാക്കിയില്ല - അഡ്വാൻസായി നല്കിയ 100000/- രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രോജക്ട് നമ്പർ - 57/16

പ്രോജക്ടിന്റെ പേര് – ഹോമിയോ ഡിസ്പൻസറിയിലെക്ക് മരുന്ന് വാങ്ങൽ

അടങ്കൽ -100000/-(മെയിന്റനസ് ഫണ്ട് റോഡിതരം)

ചെലവ് -100000/-

ബിൽ നമ്പർ -08/15-16 തുക 100000/- തീ. 31.10.15

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഡി.ഡി.നം 150723/30.10.15 പ്രകാരം 100000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റിവ് ഫാർമസിക്ക് നല്കിയിട്ടുണ്ട്. മരുന്ന് നാളിതു വരെ ലഭ്യമായിട്ടില്ല എന്ന് ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മരുന്ന് വില നല്കി ഒരു വർഷമായിട്ടും മരുന്ന് ലഭ്യമായിട്ടില്ലാത്തതിനാൽ ചെലവഴിച്ച തുക തടസത്തിൽ വെക്കുന്നു. മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് വിതരണ രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

അവശ്യം വേണ്ടുന്ന മരുന്നുകൾ സപ്ലൈ ചെയ്യാൻ ഇപ്രകാരം അനിശ്ചിതമായി വൈകുന്നത് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. ഉചിത നടപടികൾക്കായി ഇക്കാര്യം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

3-5 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തികൾ - പൊതു

അപാകങ്ങൾ

1. 2015-16 സാമ്പത്തിക വർഷവും കരാറുകാരുമായി ചമച്ച എഗ്രിമെന്റിൽ പഴയ പിഡബ്ല്യുഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2. സെലക്ഷൻ നോട്ടീസുകളിൽ കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയ തീയതി അല്ലെങ്കിൽ രജിസ്റ്റേർഡായി നോട്ടീസ് അയച്ച തീയതി വ്യക്തമായി രേഖപ്പെടുത്തുന്നില്ല.

3. ബിറ്റുമിന്റെ മാർക്കറ്റ് നിരക്കിനേക്കാൾ കൂടുതലാണ് ഡിഎസ്ആർ നിരക്കെങ്കിലും ആയതിനും കോസ്റ്റ് ഇന്റക്സ് അനുവദിച്ചു.

4. തനതു ഫണ്ട് ഒഴികെയുള്ള ഫണ്ടിനങ്ങൾ ഉപയോഗിച്ചു ചെയ്ത ടാറിംഗ് പ്രവൃത്തികളുടെ ഒഴിഞ്ഞ ബാരൽ വില പ്രോജക്ട് ഫണ്ടിലേക്ക് തിരിച്ചടക്കാതെ തനത് ഫണ്ടിലേക്ക് തിരിച്ചടച്ചു.

5. ഒഴിഞ്ഞ ബാരൽ വിലയോടൊപ്പം കോസ്റ്റ് ഇന്റക്സ് ഈടാക്കിയിട്ടില്ല.

6. നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ അടവാക്കിയ 172881/- രൂപയുടെ കൈപ്പറ്റ് രേഖകൾ ലഭ്യമായിട്ടില്ല.

7. 75 mm മുതൽ 150 mm വരെയുള്ള ലാറ്റൈറ്റ് സോളിംഗ് സ്റ്റോൺ സ്റ്റാക്കിംഗിൽ വോയ്ഡ്സ് കുറവു ചെയ്തിട്ടില്ല. സിപി ഡബ്ല്യുഡി സ്പെസിഫിക്കേഷൻ പ്രകാരം 40mm-ൽ കൂടുതൽ വരുന്ന സംഗതിയിൽ 7.5% വോയിഡ്സ് കുറവു ചെയ്യേണ്ടതാണെന്നിരിക്കെ ഡിഎസ്ആർ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റ ഇപ്രകാരം തയ്യാറാക്കിയതിന് വിശദീകരണമായി Deduction for voids may not be given because the rate per cum is for loose measured lorry load എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റാക്ക് മെഷർമെന്റ് അടിസ്ഥാനമാക്കിയാണ് തുക നല്കുന്നതെന്നതിനാൽ വിശദീകരണം തൃപ്തികരമല്ല. ഇതു സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3-6 ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി ഇ ഒ

വിവിധ വർഷങ്ങളിലായി ഭവന നിർമ്മാണ പദ്ധതികൾക്കായി ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെയും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ഗുണഭോക്താവിന്റെ പേര്	പദ്ധതി	നാളിതുവരെ കൈപ്പറ്റിയ തുക	അവസാന ഗഡു കൈപ്പറ്റിയ തീയതി	രജിസ്റ്റേർഡ് നോട്ടീസ് അയച്ച തീയതി
ചെറുകിണിയൻ വിമല	എസ് സി ഭവന നിർമ്മാണ പദ്ധതി	100000	2.05.13	25.10.14, 16.12.14
വയക്കര ഗംഗാധരൻ	,,	160000	05.06.13	25.10.14, 16.12.14

മാപ്പിടിച്ചേരി രാജീവൻ	,,	100000	22.07.13	,,
പള്ളിക്കുടിയൻ യശോദ	,,	20000	1.12.14	,,
വത്സല പി.പി.	,,	180000	17.09.15	

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3-7 ഇ എം എസ് ഭവന നിർമ്മാണ പദ്ധതി- ചെലവു വിവരം രേഖപ്പെടുത്തിയിട്ടില്ല

പ്രോജക്ട് നം – 83/16

അടങ്കൽ 34,64,750 (സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ)

ചെലവ്

ചെക്ക് നം. (കുഞ്ഞിമംഗലം സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക്)

49375/04.03.16 തുക 47,500/- (അമൃത എ.പി.)

49376/04.03.16 തുക 37500/-(ഗിൽബർട്ട് മണിയൻ)

ആകെ 85000/- രൂപ.

മേൽക്കാണിച്ച പ്രകാരം 85000/- രൂപ വി ഇ ഒ യുടേയും പ്രസിഡണ്ടിന്റെയും പേരിലുള്ള ജോയിന്റ് അക്കൌണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവു സ്റ്റേറ്റ്മെന്റിൽ (സുലേഖ)ചെലവ് വന്നിട്ടില്ലെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകം പരിഹരിക്കേണ്ടതാണ്.

3-8 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ - വിവിധ അപാകങ്ങൾ

1. പ്രൊജക്ട് നമ്പർ : S0021/16

പേര് : മെറിട്ടോറിയസ് എസ്.സി.വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ധനസഹായം നൽകൽ

അടങ്കൽ : 80000/- രൂപ (വികസനഫണ്ട്)

20000/-രൂപ (തനത്ഫണ്ട്)

ആകെ : 1,00,000/-

ബിൽ നമ്പർ /തീയ്യതി : 6/15-16 തീ.30-01-2016 75000/-

(ഡി.ഡി.നം. 922478 തീയതി 4-2-2016 25,000/- രൂപ)

ഗ്രാമപഞ്ചായത്തിലെ മെറിട്ടോറിയസ് എസ്.സി. വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനുള്ള മേൽ പ്രൊജക്ട് പ്രകാരം മൂന്നു കുട്ടികൾക്ക് 25000/- രൂപാ വീതം ധനസഹായം നൽകിയതിൽ കുമാരി ഗ്രീഷ്മ എന്നവരുടെ തീയതി രേഖപ്പെടുത്താത്ത അപേക്ഷയിൽ, ജൂൺ

2015-ൽ ബി.എഡ്. പൂർത്തീകരിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷയോടൊന്നിച്ച് സമർപ്പിച്ച അനുബന്ധ രേഖകൾ 21-11-2015-നാണ് സമർപ്പിച്ചത്. ഇതു പ്രകാരം കോഴ്സ് കഴിഞ്ഞതിനു ശേഷമാണ് അപേക്ഷ സമർപ്പിച്ചതെന്ന് വ്യക്തമാകുന്നു. കൂടാതെ പട്ടികജാതി വികസന ഓഫീസർ നല്കിയ സാക്ഷ്യപത്രത്തിൽ ഗ്രീഷ്മ പി. എന്ന കുട്ടി 2014-15-ൽ കണ്ണൂർ യൂണിവേഴ്സിറ്റി കാമ്പസിൽ പഠിച്ചിരുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2014-15-ൽ പഠിച്ച കുട്ടിക്ക് 2015-16 വർഷത്തെ പദ്ധതിയിൽ ധനസഹായം നൽകിയതിന് വിശദീകരണം നൽകുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2014-15-ൽ തന്നെയാണ് ടിയാരി അപേക്ഷ നല്കിയതെന്നും പ്രസ്തുത വർഷം തുക തികയാതിരുന്നതിനാലാണ് അടുത്ത വർഷത്തേക്ക് മാറ്റി വച്ചതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. എന്നാൽ 2014-15-ലെ ഗുണഭോക്തൃ ലിസ്റ്റിൽ ടിയാരി ഉൾപ്പെട്ടിട്ടില്ലാത്തതിനാലും അനുബന്ധരേഖകൾ സമർപ്പിച്ചത് 2015-16-ൽ ആയതിനാലും മറുപടി തൃപ്തികരമല്ല. ചെലവഴിച്ച തുക 25000/- രൂപ തടസത്തിൽ വെക്കുന്നു.

2. പ്രൊജക്ട് നമ്പർ : S0022/16

പേര് : എസ്.സി. (എസ്.എസ്.എൽ.സി) വിദ്യാർത്ഥികൾക്ക് സൈക്കിൾ

അടങ്കൽ : 52000/- രൂപ (വികസനഫണ്ട്)

ബിൽ നമ്പർ /തീയ്യതി : 8/15-16 തീയതി 22-03-2016, 51,650/-

ഡി.ഡി.നം. /തീയതി : 921930 24-3-2016

പത്താം ക്ലാസ്സിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുക എന്ന പ്രൊജക്ട് പ്രകാരം, മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് റെയ്ഡ്കോ, പയ്യന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും സൈക്കിൾ വാങ്ങിയിട്ടുണ്ട്. സ.ഉ.(എം.എസ്.) നം.362/2013/ത.സ്വ.ഭ.വ., തീയതി 16-11-2013 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർക്ക് സൈക്കിൾ നൽകാൻ പാടില്ല. ഇപ്രകാരമുള്ള സാക്ഷ്യപത്രം പട്ടികജാതി വികസന ഓഫീസറിൽ നിന്നും വാങ്ങി പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്നും ഓഡിറ്റ് വർഷം ഇത്തരമൊരു സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. മറുപടി തൃപ്തികരമല്ല. സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

സർക്കാർ നിർദ്ദേശപ്രകാരമുള്ള സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ധനസഹായം നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3.പ്രൊജക്ട് നമ്പർ : S0138/16

പേര് : എൽ.പി. യു.പി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ

അടങ്കൽ : 50,000/-(വികസനഫണ്ട്)

30,000/-(തനത് ഫണ്ട്)

ആകെ : 80,000/-

ബിൽ നം./ തീയതി : 9/2015-16, തീയതി 29-03-2016, 50000/- രൂപ

മേൽ പദ്ധതി പ്രകാരം ഇരുപത് കുട്ടികൾക്ക് നൽകുന്നതിനായി, മോണാൽ ട്രേഡിംഗ് കമ്പനി, തളിപറമ്പ എന്ന സ്ഥാപനത്തിൽ നിന്നും 20 കസേരയും, 20 മേശയും വാങ്ങിയിട്ടുണ്ട്. 20 കുട്ടികൾ മേശയും കസേരയും കൈപ്പറ്റിയതായ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടുണ്ട്. സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ, തീയതി 16-11-2013 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർക്ക് പഠനോപകരണങ്ങൾ നൽകാൻ പാടില്ല. പട്ടികജാതി വികസനഓഫീസറിൽ

നിന്നും ഇപ്രകാരമുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം സ്റ്റീൽ അല്ലെങ്കിൽ മരക്കസേരകൾ വാങ്ങാനാണ് നിർദ്ദേശിച്ചിട്ടുള്ളത് . ഇതിനു വിരുദ്ധമായി ഫൈബർ കസേരകൾ വാങ്ങിയത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക,വർഷം	പദ്ധതിയുടെ പേര്, നം	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	50000,2015-16	സാന്ത്വനപരിചരണം	50000	--
	50000, 2015-16	വികലാംഗർക്ക് ഉപകരണങ്ങൾ	0	50000
	85500,2015-16	നെൽക്കൃഷി വികസനം	85500	0
	677000,2015-16	കാർഷിക യന്ത്രവൽക്കരണം	657000	0
	162500,2015-16	വികലാംഗ സ്കോളർഷിപ്പ്	121800	40700
ജില്ലാ പഞ്ചായത്ത്	300000,2015-16	അംഗണവാടി കെട്ടിട നിർമ്മാണം	172439	127561
	125000,2015-16	വികലാംഗ സ്കോളർഷിപ്പ്	125000	0

(A) ഡിമാന്റ് ഡ്രാഫ്റ്റ് വഴി തന്നെയാണ് ഓഡിറ്റ് വർഷവും തുക കൈമാറിയത്. തുക മുഴുവനായും മാടായി കോപ്പറേറ്റീവ് റൂറൽ ബാങ്ക്, കുഞ്ഞിമംഗലം ശാഖയിലുള്ള തനത് ഫണ്ട് അക്കൌണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നത് പുതുക്കിയ സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. അടിയന്തിരമായും തുക ക്രമീകരിക്കേണ്ടതാണ്.

(B) ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 240000/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 112439/- രൂപ മുൻവർഷങ്ങളിൽ ലഭിച്ച വിഹിതത്തിൽ ബാക്കി വന്നതാണ്.

പ്രസ്തുത തുകയുടെ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

4-2 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി ചെയ്യുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്.

നിർവ്വഹണ ഏജൻസി	നമ്പർ/പ്രവൃത്തിയുടെ പേര്	ബിൽ/ചെക്ക് നമ്പർ	തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ബാക്കി തുക
ഗ്രൌണ്ട് വാട്ടർ അതോറിറ്റി	116/16, ചെറുകിട വ്യവസായ കേന്ദ്രത്തിന് കുഴൽക്കിണർ നിർമ്മാണം	21500550 26.10.15	74000	74000	പൂർത്തിയായി	ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് വായ്പയെടുത്തിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ് ലോൺ ഭവനനിർമ്മാണം	സ ഉ (സാധാ) 317/201/തസ്വഭവ തീയതി 28.01.2010 6126775/-രൂപ വായ്പയെടുക്കാൻ	29,80,000	689322	689322	--	0

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ 20000/- രൂപയുടെ ബി ക്ലാസ് ഷെയറും കണ്ണൂർ കോപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റിയിൽ 5000/- രൂപയുടെ ബി ക്ലാസ് ഷെയറും ഉണ്ട്.
വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക
സർട്ടിഫിക്കറ്റ് നമ്പർ 191/15.10.2014 മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പറശ്ശിനിക്കടവ്, ക്ലാസ് ബി, മെമ്പർ നമ്പർ 43	20000
കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി, മെമ്പർ നമ്പർ 364	5000
ആകെ	25000

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 117011/- രൂപ വരവുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തീയതി
1	2011-12 2012-13	2-1	54386		11502101745 തീയതി 18.08.2015
2	,,	3-1	10000	എം.വി.ശ്യാമള,	11502101727 തീയതി 17.08.15
	,,	,,	23400	,,	11502102736 തീയതി18.11.15
	,,	,,	29225	,,	11502101745 തീയതി 05.01.16
ആകെ			117011		

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം

വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1998-1999	35	2002-2003	7(1)(13)(3)i	ടോയ് ലറ്റ് സോപ്പ് നിർമ്മാണ യൂണിറ്റ്-പ്രോജക്ട് അപാകങ്ങൾ	നിലവിൽ പ്രവർത്തനമില്ല.

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	:	32813840
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	:	40195955
വരവിനങ്ങളിലുള്ള നഷ്ടം	:	643
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	-- (ഓഡിറ്റ് വേളയിൽ തിരിച്ചടച്ച തുകയുടെ വിവരങ്ങൾ ഖണ്ഡിക 4-9-ൽ ചേർത്തിട്ടുണ്ട്)
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	410668/-രൂപ

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തടസപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-2	216168	ശ്രീ.കെ.പി. മോഹനൻ, സെക്രട്ടറി
3-3	69500	ശ്രീമതി.ബിജി ഇ.കെ., ഐ സി ഡി എസ് സൂപ്പർവൈസർ
3-4	100000	ഡോ.കവിത, മെഡിക്കൽ ഓഫീസർ, പി എച്ച് സി
3-8(1)	25000	ശ്രീ. ശശി പി., അസിസ്റ്റന്റ് സെക്രട്ടറി
	410668	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.കെ.പി.മോഹനൻ, സെക്രട്ടറി	വിരമിച്ചു	"മോഹനം" ഏമ്പേറ്റ് (പി.ഒ.) പരിയാരം

4-9 ഓഡിറ്റ് ഇംപാക്ട്

2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ കണ്ടെത്തിയ താഴെ പറയുന്ന തുക ഓഡിറ്റ് വേളയിൽ തിരിച്ചടച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ	വിഷയം	ഒടുക്കിയ തുക	റസീറ്റ് നമ്പർ	തീയതി

നമ്പർ					
20/15-16 04.11.16	അസിസ്റ്റന്റ് എഞ്ചിനീയർ	ഒഴിഞ്ഞ ബാരൽ വില ഈടാക്കാത്തത്	2180	11602103322	04.11.16
,,	,,	,,	1908	11602103318	,,
,,	,,	,,	2998	11602103319	,,
,,	,,	,,	2180	11602103320	,,
,,	,,	,,	10083	11602103321	,,
14/15-16 01.11.2016	,,	കരാർ ചമക്കാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കാത്തത്	1394	11602103315	,,
,,	,,	,,	746	11602103316	,,
		ആകെ	21489		

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	എൽ.എഫ്/കെ.എൻ.ആർ/സി4/1039/08 (10)(1) തീയതി 20-11-2008	3
1997-98	എൽ.എഫ്/കെ.എൻ.ആർ/സി4/1039/08 (11)(1) തീയതി 20-11-2008	32
1998-99	എൽ.എഫ്/കെ.എൻ.ആർ/സി4/1039/08 (12) തീയതി 20-11-2008	1
1999-2000	എൽ.എഫ്/കെ.എൻ.ആർ/സി4/1039/ 08(13) തീയതി 20-11-2008	2
2000-01	എൽ.എഫ്/കെ.എൻ.ആർ/സി4/1039/ 08(14) തീയതി 20-11-2008	2
2000-01(പ്ലാൻ)	എൽ.എഫ്/കെ.എൻ.ആർ/സി4/1039/08 (16)(1) തീയതി 20-11-2008	3

2003-04	എൽ.എഫ്/കെ.എൻ.ആർ/സി4/2204/07 തീയതി 16-02-2009	8
2004-05	എൽ.എഫ്/കെ.എൻ.ആർ/സി4/179/08 തീയതി 16-02-2009	5
2005-06	എൽ.എഫ്/കെ.എൻ.ആർ/സി4/2205/07 തീയതി 16-02-2009	5
2006-07	എൽ.എഫ്/കെ.എൻ.ആർ/സി4/1050/09 തീയതി 24-03-2010/06-07-2010	9
2007-08	എൽ.എഫ്/കെ.എൻ.ആർ/സി4/1051/09 തീയതി 24-03-2010/13-07-2010	12
2008-09	എൽ.എഫ്/കെ.എൻ.ആർ/സി4/1334/13 തീയതി 04-02-14	7
2009-2010	എൽ.എഫ്/കെ.എൻ.ആർ/സി4/540/14 തീയതി 04-08-14	2
2010-2011	എൽ.എഫ്/കെ.എൻ.ആർ/സി5/235 തീയതി 15-01-2013	10
2011-12,2012-13	എൽ.എഫ്/കെ.എൻ.ആർ/സി4/534/14 തീയതി 11-11-14/18-04-2015	13
2013-14 2014-15	കെ.എസ്.എ/കെ.എൻ.ആർ /സി4-447/2016 തീയതി 04-05-2016	

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

PVP

അനുബന്ധം 1

AUDIT CERTIFICATE

No KSA/KNR/C3/1955/2016

KERALA STATE AUDIT DEPARTMENT

DISTRICT AUDIT OFFICE

KANNUR

PHONE 04972707698

E-mail lfaddistofficeknr

Dated 01.12.2016.

Certified that I have audited the Annual Financial Statement of Kunhimangalam Grama Panchayath in Kannur District for the year ended 31.03.16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion , the Financial Statements of Kunhimangalam Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director ,

District Audit Office, Kannur.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെഎസ്എ/കെഎൻആർ/സി3/1955/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ 04972707698

ഇ – മെയിൽ lfaddistofficeknr@gmail.com

തീയതി: 01.12.2016.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

അനുബന്ധം 2

BALANCE SHEET

KUNHIMANGALAM GRAMA PANCHAYATH

BALANCE SHEET

AS ON 31.03.2016

CODE NO.	DESCRIPTION OF ITEMS	SCHEDULE NO.	AMOUNT
LIABILITIES			
RESERVES AND SURPLUS			
310000000	PANCHAYATH FUND	B-1	14233354.40
311000000	EARMARKED FUND	B-2	2670
312000000	RESERVES	B-3	19715318.00
TOTAL RESERVES AND SURPLUS			33951342.40
GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE			
320000000	GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE	B-4	876084.00
TOTAL GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE			876084.00
LOANS			

330000000	SECURED LOANS	B-5	0.00
TOTAL LOANS			0.00
CURRENT LIABILITIES AND PROVISIONS			
340000000	DEPOSITS RECEIVED	B-7	577930.45
35000000	OTHER LIABILITIES	B-9	1301154.15
TOTAL CURRENT LIABILITIES AND PROVISIONS			1879084.6
TOTAL LIABILITIES			36706511.00
ASSETS			
FIXED ASSETS			
410000000	FIXED ASSETS	B-11	25448426.00
411000000	ACCUMULATED DEPRECIATION	B-11	(3661856)
412000000	CAPITAL WORK IN PROGRESS	B-11(a)	906958.00
TOTAL FIXED ASSETS			22693528
INVESTMENTS			
420000000	INVESTMENTS	B-12	25000

TOTAL INVESTMENTS			25000
CURRENT ASSETS, LOANS AND ADVANCES			
431000000	SUNDRY DEBTORS (RECEIVABLES)	B-15	0.00
440000000	PREPAID EXPENSES	B-16	0.00
450000000	CASH AND BANK BALANCES	B-17	13881783.00
460000000	LOANS, ADVANCES AND DEPOSITS	B-18	106200.00
TOTAL CURRENT ASSETS, LOANS AND ADVANCES			13987983
TOTAL ASSETS			36706511.00

അനുബന്ധം 3

INCOME & EXPENDITURE STATEMENT

KUNHIMANGALAM GRAMA PANCHAYATH

INCOME & EXPENDITURE STATEMENT

FOR THE PERIOD FROM 01 -APRIL - 2015 TO 31- MARCH -2016

CODE	HEAD OF ACCOUNT	SCHEDULE	AMOUNT (Rs)
INCOME			
110000000	TAX REVENUE	I-1	5625780
130000000	RENTAL INCOME FROM PANCHAYATH PROPERTIES	I-3	14044
140000000	FEES AND USER CHARGES	I-4(b)	406742
150000000	SALE AND HIRE CHARGES	I-5(b)	1154800
160000000	REVENUE GRANTS , FUNDS, CONTRIBUTIONS AND COMPENSATIONS	I-6	52246630
171000000	INTEREST EARNED	I-8	226115
180000000	OTHER INCOME	I-9	1200
A	TOTAL INCOME		59675311
EXPENDITURE			
210000000	ESTABLISHMENT EXPENSES	I-10(b)	6404534

220000000	ADMINISTRATIVE EXPENSES	I-11(b)	953626
230000000	OPERATIONS AND MAINTANANCE	I-12(b)	951363
240000000	INTEREST AND FINANCE CHARGES	I-13	736
250000000	DECENTRALISED PLAN PROGRAMME- PRODUCTIVE SECTOR	I-14	6555408
251000000	DECENTRALISED PLAN PROGRAMME- SERVICE SECTOR	I-14(a)	7608351
252000000	DECENTRALISED PLAN PROGRAMME – INFRASTRUCTURE SECTOR	I-14(b)	957679
253000000	DECENTRALISED PLAN PROGRAMME- PROJECTS NOT INCLUDED IN SECTOR DIVISION	I-14(c)	188168
254000000	EXPENDITURE OF TRANSFERRED INSTITUTIONS AND STATE SPONSORED SCHEMES(NOT INCLUDED UNDER DECENTRALISED PLAN PROGRAMME)	I-14(d)	23701920
255000000	MAINTANANCE PROJECTS	I-14(e)	6132690
260000000	GRANTS, CONTRIBUTIONS AND COMPENSATIONS FROM OWN FUND	I-15	15000
270000000	PROVISIONS AND WRITE OFF	I-16	106830
272000000	DEPRECIATION	I-17(a)	1587930
B	TOTAL EXPENDITURE		55164235
C=A-B	GROSS SURPLUS / DEFICIT OF INCOME OVER EXPENDITURE		4511076

D= 280000000	PRIOR PERIOD ITEM	I-18	1595819
E=C-D 290000000	GROSS SURPLUS/DEFICIT OF INCOME OVER EXPENDITURE AFTER PRIOR PERIOD ITEMS		2915257
	TRANSFER TO RESERVE FUNDS		
	NET BALANCE BEING SURPLUS/ DEFICIT CARRIED OVER TO BALANCE SHEET (PANCHAYATH FUND)		

അനുബന്ധം 4

RECEIPT AND PAYMENT STATEMENT

KUNHIMANGALAM GRAMA PANCHAYATH

RECEIPT AND PAYMENT STATEMENT

FOR THE PERIOD FROM 01-APRIL- 2015 TO 31- MARCH -2016

CODE	HEAD OF ACCOUNT	SCHEDULE	AMOUNT(Rs)
OPENING BALANCE			
	BANK CASH	RP -40(a) RP-40(a)	21248778 15120
RECEIPTS			
OPERATING			
110000000	TAX REVENUE	RP-1	2864592
130000000	RENTAL INCOME FROM MUNICIPAL PROPERTIES	RP-3	2250
140000000	FEES AND USER CHARGES	RP-4	351332
150000000	SALE AND HIRE CHARGES	RP-5	951050
160000000	REVENUE GRANTS CONTRIBUTIONS& COMPENSATIONS	RP-7	5883350

171000000	INTEREST EARNED	RP-9	226115
320000000	GRANTS, FUNDS& CONTRIBUTIONS FOR SPECIFIC PURPOSES	RP-31	18341023
350000000	OTHER LIABILITIES	RP-36	1288825
NON OPERATING			
180000000	OTHER INCOME	RP-10	1200
311000000	EARMARKED FUNDS	RP-29	2670
340000000	DEPOSITS RECEIVED	RP-34	303225
350000000	OTHER LIABILITIES	RP-36	213857
410000000	FIXED ASSETS	RP-38	8900
431000000	SUNDRY DEBTORS(RECEIVABLE)	RP-43	2371301
460000000	LOANS, ADVANCES AND DEPOSITS	RP-47	4150
GRAND TOTAL			54077738
PAYMENTS			
OPERATING			
210000000	ESTABLISHMENT EXPENSES	RP-11	1689462
220000000	ADMINISTRATIVE EXPENSES	RP-12	953626

230000000	OPERATIONS AND MAINTANANCE	RP-13	950348
250000000	DECENTRALISED PLAN PROGRAMME- PRODUCTIVE SECTOR	RP-15	3173021
251000000	DECENTRALISED PLAN PROGRAMME- SERVICE SECTOR	RP-16	6278366
252000000	DECENTRALISED PLAN PROGRAMME – INFRASTRUCTURE SECTOR	RP-17	1057501
253000000	DECENTRALISED PLAN PROGRAMME- PROJECTS NOT INCLUDED IN SECTOR DIVISION	RP-18	188168
254000000	EXPENDITURE FOR TRANSFERRED INSTITUTIONS AND STATE SPONSORED SCHEMES	RP-19	388800
255000000	MAINTANANCE PROJECTS	RP-20	6132690
260000000	GRANTS, CONTRIBUTIONS AND COMPENSATIONS FROM OWN FUND	RP-22	15000
280000000	PRIOR PERIOD ITEM	RP-26	-117714
320000000	GRANTS, FUNDS& CONTRIBUTIONS FOR SPECIFIC PURPOSES	RP-31	398447
350000000	OTHER LIABILITIES	RP-36	4539318
NON OPERATING			

240000000	INTEREST AND FINANCE CHARGES	RP-14	736
280000000	PRIOR PERIOD INCOME	RP-26	-14709
330000000	SECURED LOANS	RP-32	689322
340000000	DEPOSITS RECEIVED	RP-34	116844
350000000	OTHER LIABILITIES	RP-36	1397395
410000000	FIXED ASSETS	RP-38	5502282
412000000	CAPITAL WORK IN PROGRESS	RP-40	6746902
420000000	INVESTMENTS	RP-41	4000
460000000	LOANS, ADVANCES AND DEPOSITS	RP-47	106150
CLOSING BALANCE			
	BANK CASH	RP – 40(b) RP – 40(b)	13758405 123378
GRANT TOTAL			54077738